# കറുത്തച്ചൻ

**രാജു മൈലപ്ര**

**മൈ**ലപ്രാ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയുടെ അഞ്ചാമത്തെ വികാരി, എന്റെ വല്യപ്പച്ചൻ പത്തനംതിട്ട മാക്കാംകുന്ന് കിഴക്കേവീട്ടിൽ പത്രോസ് കത്തനാർ- പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന കൊല്ലന്റയ്യത്ത് അച്ചൻ, എന്റെ അമ്മയുടെ സഹോദരീഭർത്താവായിരുന്നു. അങ്ങിനെ അപ്പന്റേയും അമ്മയുടേയും തായ്‌വഴിയിൽ വിവിധ സഭകളിൽപ്പെട്ട പുരോഹിതന്മാരും പാസ്റ്ററന്മാരും.

വല്യപ്പച്ചന്റെ പാത പിൻതുടരുവാൻ എനിക്കാണു നിയോഗമുണ്ടായത്. 'ഇവൻ സർവ്വഥാ യോഗ്യൻ' എന്നർത്ഥം വരുന്ന 'ഓക്സിയോസ്' ചൊല്ലി, കുടുംബക്കാരെല്ലാം കൂടി എന്നെ കസേരയിലെടുത്തു പൊക്കി.

പത്തനംതിട്ടയിലും പരിസരത്തുമുള്ള പട്ടക്കാരുടെയും, കപ്യാരന്മാരുടെയും കുപ്പായങ്ങൾ തയ്ക്കുന്നത് ബ്രദറൺ സഭക്കാരനായിരുന്ന പുല്ലാഞ്ഞിവേലിക്കലെ ശമുവേലച്ചായനായിരുന്നു. അദ്ദേഹത്തെക്കൊണ്ട് എനിക്കൊരു കുപ്പായം തയ്പ്പിച്ചു.

'കൈവെപ്പു' കിട്ടിയതിനു ശേഷം മാത്രമേ മദ്ബഹായിൽ പ്രവേശിപ്പിക്കുകയുള്ളൂ. അന്നു മൈലപ്രാ പള്ളി ഉൾപ്പെട്ട തുമ്പമൺ ഭദ്രാസനത്തലവൻ, അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായായിരുന്നു. പെരുന്നാളിനു തിരുമേനി എഴുന്നെള്ളും. തലേന്ന് വൈകിട്ട് അത്താഴം ഉപേക്ഷിച്ചു. കുപ്പായം ഒന്നുകൂടി ഇസ്തിരിയിട്ടു. ഞായറാഴ്ച അതിരാവിലെ തന്നെ, കിണറ്റിലെ തണുത്തവെള്ളത്തിൽ ഒരു കുളി പാസ്സാക്കി- നല്ല വസ്ത്രമൊക്കെ ധരിച്ച്, കുപ്പായം എടുക്കാൻ ചെന്നപ്പോൾ, അതവിടെ കാണാനില്ല. വീടാകെ അരിച്ചുപെറുക്കി- നോ രക്ഷ.

കുപ്പായത്തോടൊപ്പം എന്റെ അനുജൻ ബാബുവിനെയും കാണാനില്ല. എത്ര സ്നേഹമുള്ള സഹോദരൻ എന്റെ കുപ്പായവും കൊണ്ട്, പള്ളിപ്പടിക്കൽ എന്നെയും കാത്തുനിൽപ്പുണ്ടാവും.

പ്രത്യാശയോടും, പ്രതീക്ഷയോടും കൂടി ഞാൻ പള്ളിയിലെത്തി- ബാബുവിനെ അവിടെ കാണാനില്ല. ഞാൻ പള്ളിയിലേക്കു പ്രവേശിച്ചു. മദ്ബഹായുടെ മുന്നിൽ കണ്ട കാഴ്ച കണ്ടു ഞാൻ ഞെട്ടിപ്പോയി. കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ. എന്റെ കുപ്പായവും ധരിച്ചുകൊണ്ട് ആ കള്ള റാസ്ക്കൽ തിരുമേനിയുടെ മുന്നിൽ മുട്ടുകുത്തി നിൽക്കുന്നു.

ജ്യേഷ്ഠനായ ഏശാവിന്റെ വിശേഷവസ്ത്രം ധരിച്ച്, വൃദ്ധനും അന്ധനുമായിരുന്ന പിതാവ് ഇസഹാക്കിന്റെ പക്കൽ നിന്നും, അനുഗ്രഹങ്ങൾ അടിച്ചുമാറ്റിയ അനുജനായ യാക്കോബിന്റെ കഥ എന്റെ മനസ്സിൽ ഒരു ഫ്ളാഷ് ബാക്കടിച്ചു. റിബേക്കയെപ്പോലെ, എന്റെ അമ്മയ്ക്കും ഈ ചതിയിൽ ഒരു പങ്കുണ്ടോ എന്ന് എനിക്കൊരു സംശയമുണ്ടായിരുന്നു.

ധൂപക്കുറ്റിയിൽ നിന്നുമുയരുന്ന പുകയുടേയും, പള്ളിമണികളുടേയും അകമ്പടിയോടെ തിരുമേനിയുടെ പിന്നാലെ ബദ്ബഹായുടെ പടവുകൾ ചവിട്ടിക്കയറുന്ന ബാബുവിനെ കണ്ടപ്പോൾ, പുരോഹിതനാകുവാനുള്ള എന്റെ മോഹം പൊലിഞ്ഞു.

ആറേഴു വർഷക്കാലം ബാബു മദ്ബഹായിൽ വിശിഷ്ട സേവനം അനുഷ്ഠിച്ചു. പെസഹാ, ഈസ്റ്റർ, ക്രിസ്തുമസ് തുടങ്ങി രാത്രികുർബ്ബാനയുള്ള അവസരങ്ങളിൽ പള്ളിയിലാണു ശുശ്രൂഷക്കാർ ഉറങ്ങിയിരുന്നത്. ഈ അവസരങ്ങളിൽ പത്തനംതിട്ട രാധാസിലേയും, വേണുഗോപാൽ

ടാക്കീസിലേയും, എല്ലാ സിനിമകളും അവർ കണ്ടു. അസൂയയും, നിരാശയും, വിദ്വേഷവുമെല്ലാം ഉമിത്തീ പോലെ എന്റെ മനസ്സിൽ നീറിക്കൊണ്ടിരുന്നു. അവന്റെ കുപ്പായം ആരുമറിയാതെ കത്തിച്ചു കളഞ്ഞാലോ എന്നുവരെ ചിന്തിച്ചു. ഒരുപക്ഷേ അതു നരകത്തിലേക്കുള്ള എന്റെ പാസ്സ്പോർട്ടാകുമോ എന്ന ഭീതിയിൽ ഞാൻ ആ പദ്ധതി ഉപേക്ഷിച്ചു.

കാലംകടന്നുപോയി. കാലക്രമേണ ഞാൻ ആ അവസ്ഥയുമായി പൊരുത്തപ്പെട്ടു.

ബാബുവിനു വൈദീക സെമിനാരിയിൽ ചേരുവാനുള്ള പഠിപ്പും പ്രായവുമായി.

ഒരു ദിവസം ഞങ്ങളുടെ അമ്മ, ബാബുവിനെ അരികിൽ വിളിച്ചു വളരെ സ്നേഹത്തോടെ പറഞ്ഞു. "മോനേ! നീ അച്ചൻപട്ടത്തിനു പോകേണ്ട". കാര്യം പിടികിട്ടാതെ, കാര്യമെന്തന്ന ഭാവത്തിൽ അവൻ അമ്മയെ കണ്ണുമിഴിച്ചു നോക്കി.

"നീ അച്ചനായാൽ ആൾക്കാരു നിന്നെ 'കറുത്തച്ചൻ' എന്നു വിളിക്കും. നമ്മുടെ തെങ്ങുതയിലെ കൊച്ചച്ചനെ വിളിക്കുന്നതുപോലെ. നിനക്കതു വിഷമമാകും. അതു കൊണ്ടു നമുക്കതു വേണ്ടാ."

ബാബു ഒന്നാലോചിച്ചു. സംഗതി ശരിയാണ്. തന്റെ നിറത്തിനു കറുപ്പിനോടാണു കൂടുതൽ ചായ്വ്. അതോടുകൂടി പട്ടക്കാരനാകുവാനുള്ള പദ്ധതി പാടേ ഉപേക്ഷിച്ചു.

ഈ കഴിഞ്ഞമാസം ഞങ്ങൾ ഒരുമിച്ചു യാത്ര ചെയ്തപ്പോൾ ബാബു തന്നെ വെളിപ്പെടുത്തിയതാണ് ഈ സംഭവം.

"ചെറുപ്പകാലത്തെ എന്റെ അറിവില്ലായ്മ കൊണ്ടാണു അച്ചൻ ആകാൻ ആഗ്രിച്ചത്. ബാവാ തിരുമേനിയാക്കാമെന്നു പറഞ്ഞാലും ഇന്നെനിക്കു ആ കോളു വേണ്ട."

New York State Bank of India-യിലെ സൂപ്പർവൈസറായ ബാബു മനസ്സു തുറന്നു ചിരിച്ചു. ബാബുവിന്റെ ചിരിയിൽ ഞാനും, എന്റെ ഭാര്യ പുഷ്പയും, വിൻസെന്റും പങ്കുചേർന്നു.

ദൈവം എത്ര വലിയവൻ!

**********************